3. 25 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതയായ മകൾ

4. പെൻഷൻ പറ്റുന്നതിന് മുമ്പ് നിയമാനുസൃതം ദത്തെടുത്ത് വളർത്തിയമകനോ മകളോ

5. മാതാപിതാക്കൾ (തുല്യവിഹിതം)

6. ജുഡിഷ്യലായി വേർപിരിഞ്ഞ ഭാര്യ/ഭർത്താവ്

7. വിവാഹബന്ധം വേർപെടുത്തിയ വൈകല്യമുള്ള മകൾ

8. വിധവയും വൈകല്യമുള്ളവളുമായ മകൾ, മുതലായവർ കൂടി മുൻഗണനാക്രമത്തിൽ അർഹരാണ്.

(സി) ഉണ്ട്.

(ഡി) ശമ്പള പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**സർക്കാർ ജീവനക്കാരുടെ പണിമുടക്കുകൾ**

**14 (5682)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2006 കാലഘട്ടത്തിൽ വിവിധ ആവശ്യങ്ങൾക്കും, ശമ്പള പരിഷ്ക്കരണത്തിനുമായി കേരളത്തിലെ സർക്കാർ ജീവനക്കാർ എത്ര പ്രാവശ്യം പണിമുടക്കു നടത്തി ; ആരുടെ നേതൃത്വത്തിൽ എന്ന് വിശദമാക്കുമോ ;

(ബി) 2001-2006 കാലഘട്ടത്തിൽ ക്ഷാമബത്തക്കായി കേരളത്തിലെ സർക്കാർ ജീവനക്കാർ എത്ര തവണ പണിമുടക്ക് നടത്തി ; എത്ര ദിവസം ; അതിൽ ഡയസ്നോൺ എത്ര ദിവസം ; ആ സമരത്തെ അന്നത്തെ സർക്കാർ എങ്ങനെയാണ് നേരിട്ടത് എന്ന് വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷാമബത്ത കുടിശ്ശികയ്ക്കായി പണിമുടക്ക് നടന്നുവോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ക്ഷാമബത്ത അനുവദിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു †

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8 തവണ സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



## അനുബന്ധം II

[27-7-2010-ലെ നക്ഷത്രചിഹ്നമിടാത്ത 14 (5682)-ാം നമ്പർ ചോദ്യം കാണുക]

| | സർക്കാർ ഉത്തരവുകൾ | കാലയളവ് | നിലവിൽ ഉണ്ടായിരുന്ന ക്ഷാമബത്ത | പുതുക്കിയത് | ക്ഷാമബത്ത വർദ്ധനവ് |
|---|---|---|---|---|---|
| 1 | G.O.(P) No 120/07/Fin. dated 20-3-2007 | 1-1-2005 | 5% | 8% | 3% |
| | | 1-7-2005 | 8% | 12% | 4% |
| | | 1-1-2006 | 12% | 15% | 3% |
| | | 1-7-2006 | 15% | 20% | 5% |
| 2 | G.O. (P) No.547/07/Fin. dated 14-11-2007 | 1-1-2007 | 20% | 26% | 6% |
| 3 | G.O. (P) No.91/08/Fin. dated 16-2-2007 | 1-7-2008 | 26% | 32% | 6% |
| 4 | G.O. (P) No.220/08/Fin. dated 22-5-2008 | 1-1-2008 | 32% | 38% | 6% |
| 5 | G.O. (P) No.38/09/Fin. dated 17-1-2009 | 1-7-2008 | 38% | 45% | 7% |
| 6 | G.O. (P) No.211/09/Fin. dated 2-6-2009 | 1-1-2009 | 45% | 55% | 10% |
| 7 | G.O. (P) No.512/09/Fin. dated 18-11-2009 | 1-7-2009 | 55% | 64% | 9% |
| 8 | G.O. (P) No.362/10/Fin. dated 3-7-2010 | 1-1-2010 | 64% | 78% | 14% |